വരുമാന സർട്ടിഫിക്കറ്റ്

27. [1589] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക കുടുംബ വരുമാനം കാണിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ നൽകുമ്പോൾ ഓരോ കുട്ടിക്കും ഒരു നിശ്ചിത തുകയുടെ കിഴിവ് അനുവദിക്കാൻ വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിശ്ചിത തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കുട്ടികളിൽ കൂടുതലുള്ള കുടുംബാംഗങ്ങൾക്കാണ് ഈ കിഴിവ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അഞ്ചിൽ കവിഞ്ഞുള്ള ഓരോ അംഗത്തിനും ഒരു കിഴിവ് അനുവദിക്കാറുണ്ട്.

(ബി, സി) മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെയുള്ള അംഗങ്ങൾ അഞ്ചിൽ കവിയുന്ന കുടുംബങ്ങളിലാണ് ഇത്തരം കിഴിവ് അനുവദിക്കാറുള്ളത്. ഈ കിഴിവ് കുടുംബത്തിന്റെ വരുമാനം, കുടുംബത്തിന്റെ മറ്റു പരിഗണനകൾ എന്നിവ കണക്കാക്കി സർട്ടിഫിക്കറ്റ് നൽകാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥന്റെ യുക്തം പോലെ തീരുമാനിക്കുകയാണ്.

തഹസിൽദാർമാർക്ക് പോലീസ്/മജിസ്റ്റീരിയൽ ട്രെയിനിംഗ്

28 [1590] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഹസീൽദാർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് പോലീസ്/മജിസ്റ്റീരിയൽ ട്രെയിനിംഗ് നിർബന്ധമായും വേണമെന്ന് നിബന്ധന നിലവിലുണ്ടോ;

(ബി) ഇൻകമസ്റ്റാക്ക് തയ്യാറാക്കുന്നതിലും മജിസ്റ്റീരിയൽ കേസുകളും റെന്റ് കൺട്രോൾ കേസുകളും തീർപ്പ് കൽപ്പിക്കുന്നതിന് ഉത്തരവാദപ്പെട്ട ലോക്കൽ തഹസീൽദാർമാർ ഇത്തരം ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്തവരാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ ട്രെയിനിംഗ് ഇല്ലാത്ത എത്ര തഹസീൽദാർമാരുണ്ട്;

(ഡി) ഇത്തരത്തിൽ ആവശ്യമായ ട്രെയിനിംഗ് ലഭിച്ചിട്ടില്ലാത്ത തഹസീൽദാർമാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ചില ജില്ലകളിൽ ട്രെയിനിംഗ് ഇല്ലാത്ത തഹസീൽദാർമാരെ താലൂക്ക് തഹസീൽദാർമാരായി നിയമിച്ചിട്ടുണ്ട്.

(സി) രണ്ട്.

(ഡി) പ്രൊബേഷൻ കാലയളവിൽതന്നെ പോലീസ് ആൻറ് മജിസ്ട്രേറ്റീരിയൽ ട്രെയിനിംഗിനു തഹസീൽദാർമാരെ നിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഐ. എ. എസ്.ലേക്ക് പ്രൊമോഷനാകുന്ന ഡെപ്യൂട്ടി കളക്ടർമാർ

29 [1591] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ഡിപ്പാർട്ട്മെൻറിൽ എട്ടുവർഷം സർവ്വീസ് പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ബി) ഇവരിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്; അവർ ആരെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) എട്ടുവർഷം സർവ്വീസ് പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരുടെ പേരുവിവരം ഐ.എ.എസ്. സെലക്ഷൻ കമ്മിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം പേരുകൾ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 14-3-1996-ൽ എട്ടുവർഷം സർവ്വീസ് പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇവരിൽ പതിനാറ് (16) പട്ടികജാതിക്കാരും മൂന്ന് (3) പട്ടികവർഗ്ഗക്കാരുമുണ്ട്. (പേരുവിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്†

(സി) എട്ടുവർഷത്തെ തുടർച്ചയായ സർവ്വീസ് ഡെപ്യൂട്ടി കളക്ടർ പദവിയിലുണ്ടായിരിക്കുകയും, ആ തസ്തികയിൽ സ്ഥിരപ്പെടുത്തൽ (കൺഫർമേഷൻ) ലഭിക്കുകയും ചെയ്തിട്ടുള്ളവരുടെ പേര് വിവരങ്ങളാണ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള പേരുവിവരങ്ങൾ സെലക്ഷൻ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly